which no credence could attach. Though counsel was very vehement to press this document into service, he was not in a position to cite any legal basis for doing so. Apart from these two documents which we hold had been rightly ruled out, the other evidence is oral in character and P. Ws. 7, 8, 11 and 12 are the witnesses who have been spoken about it. Admittedly all these witnesses were the workers of the appellant. There is over-whelming material on the record, and even counsel fairly admitted, that the election was fought on party basis and there was sharp division of the electorate on the basis of political parties. That being the position, workers at the election with party alignment would necessarily be political supporters of the respective candidates and when called as witnesses they would support their stand. Instances are not uncommon where such witnesses support their respective candidates and their cases even though the same be far from truth. In such circumstances we do not think on the oral testimony of these four witnesses the charge of publication of objectionable materials can be said to have been established.

Admittedly the meeting at Tatamala Junction was held on the 14-5-1982 towards the evening. It is the case of the appellant that at this meeting the respondent No. 1 his election agent Azeez and several other supporters spoke. Each one of them referred to the appellant as the person responsible for the murder of the lady. There is no dispute before us that the picture drawn up as the appellant as the murder of the lady would very much tarnish his image, personality and character and would have adversely affected the prospects of his winning the election if widely circulated in the constituency before polling. Three witnesses have been examined being PWs. 2, 6 and 9 in respect of the Tatamala meeting. P.W. 2 was the Circle Inspector of Police of the area and stated that he had attended the meeting. Though the meeting started at 7 p. m. he went to the meeting place at about 9 p. m. and remained there for about an hour. Thus at about 10 p. m. he left the place but the meeting was still continuing. He referred to the speech by Azeez but did not indicate as to what exactly he spoke. In cross examination he admitted that though he maintained a diary, the details of the meeting were not available and he did not report about the meeting to his superior officers. This evidence does not lend any support to the case sought to be made out by the appellant. P.W.6 was a printer and publisher of the newspaper by name Pauramitram. His evidence is that he was also working as reporter of the paper and had gone to the meeting in such capacity. On the basis of his jottings he gave a news item which was published in the paper marked Exhibit P-3. He claims to have left the meeting place at 9.30 p. m. but the meeting was still continuing. The news item as reported does indicate what Azeez spoke. The witness also deposed on oath about the speech of Azeez. The High Court refused to place any reliance on this witness mainly on account of the fact that this paper was not an established newspaper of the area and did not have regular publication. On the basis of the evidence of R.W.1 the information officer at the State headquarters, the High Court came to doubt the *bona-fide* of P.W.6 as also his paper.

We have also perused the evidence of P.W.6 and R.W.1 and the observations of the High Court in regard to this aspect. We are inclined to agree with the High Court that the evidence of the witness is not impressive and we hold the same was rightly rejected by the High Court which had occasion to see him. The only other witness who has been examined in regard to the meeting is P.W.9, a person who claims to be independent and unconnected with the lis. P W.9 on his own showing had gone to see his father suffering from a heart-attack. He came from a place about 20 kilometres away. According to him he left father's. place by us around 10.30 p. m. If that be so and he was covering a distance of about 20 kilometres, he would not have reached the meeting place before 11 p. m. when the meeting is said to have concluded. His evidence that he stayed at the meeting place to listen to the speeches for quite sometime has, therefore, to be ruled out as inconsistent with the other evidence. His evidence too has been rightly rejected by the High Court.

There is total consensus of judicial opinion that a charge of corrupt practice under the Act has to be proved beyond reasonable doubt and the standard of proof is the same as in a criminal case. See *Mahant Shree Nath V. Choudhry Ranbir Singh*. This proposition has even not been disputed by counsel for the appellant. We, therefore, do not propose to refer to the catena of decisions affirming the aforesaid view. The High Court applied the right standard in the matter of appreciation of the material placed before it and has come to hold that the allegations of corrupt practice within the meaning of Section 123 (4) of the Act has not been proved. In such a situation as poinred out by this Court in the case of *Boddepalli Rajagopala Rao v. N. G. Ranga,* [2] this Court would not reappreciate the evidence Shah, J. as he then was observed thus :

> "The finding of the learned Trial Judge is based upon appreciation of evidence of the witnesses in the light of probabilities. A charge of corrupt practice under the Representation of the People Act must be established by clear and cogent evidence. When the Court of First Instance on a consideration of the evidence of the witnesses has refused to place any reliance upon their testimony the burden lying upon the party setting up a plea of corrupt practice becomes no lighter in appeal. The charge cannot be held established merely upon suspicion, or preponderance of probabiliries. Unless the appellant establishes that the appreciation of evidence was vitiated by gross misreading or misconception of the evidence or because of failure to consider important pieces of evidence which had a bearing on the charge or because of serious irregularirics in procedure which amount to a denial of a fair trial the appellate court will not proceed to re-appreciate the evidence on which the findings are recorded by the Court of First Instance on the credibility of witnesses."

1. (1970) 3 S. C. C. 647 2. AIR 1971 S. C 267

We are in complete agreement with these observations. Our conclusion, therefore, is that the High Court rightly negatived the challenge to the election of respondent No. 1 on grounds of corrupt practices.

The only other contention canvassed at the hearing is about the irregularities in the counting. The total rejected ballot-papers were within the range of 500 while the difference between the appellant and the respondent No. 1 was about 800. The details necessary for obtaining a recount were not pleaded in the election petition nor was any cogent material placed before the Court which could bring the matter within the rule indicated by this Court to justify a direction for recount. That plea, in our opinion, has rightly been negatived by the High Court. The appeal fails and is dismissed. Parties shall bear their own costs in this Court.

(Sd.)
S. MURTAZA FAZAL ALI, J.

(Sd.)
RANGANATH MISRA, J.

New Delhi,
March 8, 1984.

By order,
(Sd.)
B. D. BUTTAN,
Under Secretary to the Election Commission of India.

GOVERNMENT OF KERALA

Election Department

NOTIFICATION

No. 4432/EL1/84/Elec. *Dated, Trivandrum, 8th June* 1984.

Election Commissions Notification No. 56/82-XVI dated 4-5-1984 is hereby republished.

By order,
R. RAMACHANDRAN NAIR,
Secretary (Culture) & C.E.O.

ELECTION COMMISSION OF INDIA

Ashok Road,
New Delhi-110001,

Dated, the 4th May 1984/
Vaisakha 14, 1906 (*Saka*)

NOTIFICATION

Whereas the Sikkim Janata Parishad (hereinafter referred to as parishad) is a recognised State Party in Sikkim State and election symbol 'Horse' has been exclusively reserved for it in that State, *vide* Commission's notification No. 56/79 (1), dated the 19th November, 1979 ;

And whereas the Commission has been intimated that the said Parishad has merged into the Indian National Congress from 14th July, 1981, and has thus ceased to function as a separate State Party ;

And whereas, the Chief Electoral Officer also informed the Commission that on the basis of the information available with the Election Department, the Parishad had merged into Indian National Congress (I) and was not functioning in the State;

And whereas the documents made available to the Commission by the Indian National Congress established sufficient proof of such merger ;

And whereas, the Election Commission, on the basis of the records available and the information furnished by the Chief Electoral Officer, Sikkim, as stated above, is satisfied that the Parishad has merged into Indian National Congress and thus ceased to function as a separate political Party and that

its name should be deleted from the list of recognised State Parties so as to bring the said list upto date as required by sub para (2) of para 17 of the Election Symbols (Reservation and Allotment) Order, 1968, and

Now, therefore, in pursuance of clause (b) of sub-paragraph (1) of paragraph 17 of the said symbols Order, the Election Commission hereby makes the following amendment in its notification No. 56/82, dated the 8th April, 1982, published as O.N. 29 (E), in the Gazette of India, Extraordinary Part II, Section 3 (iii), dated the 12th April, 1982 and as subsequently amended from time to time, namely:—

In Table 2 appended to the above notification, against the item 'Sikkim', (a) the entry relating to "2" Sikkim Janata Parishad ......"Horse" shall be deleted; and (b) the figure "3" appearing before the entry 'Sikkim Prajatantra Congress' shall be renumbered as "2".

[No. 56/82-XVI]

By order,

(Sd.)

R. P. BHALLA,

Secretary.

Kerala Gazette No. 42 dated 23rd October, 1984

PART II

കേരള നിയമസഭാ സെക്രട്ടറിയററ്

വിജ്ഞാപനം

നമ്പർ 1962/എൽ.എ4എ/84. തിരുവനന്തപുരം, 1984 മാർച്ച് 24.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം 1984-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും ധനകാര്യമെമ്മോറാണ്ഡത്തോടും ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ഡത്തോടുംകൂടി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രസന്നൻ,
നിയമസഭാ സെക്രട്ടറി.

1984-ലെ കേരള കശുവണ്ടി ഫാക്റ്ററികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

1974-ലെ കേരള കശുവണ്ടി ഫാക്റ്ററികൾ (വിലയ്ക്കെടുക്കൽ) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1974-ലെ കേരള കശുവണ്ടി ഫാക്റ്ററികൾ (വിലയ്ക്കെടുക്കൽ) ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തി അഞ്ചാം സംവത്സരത്തിൽ താഴെപറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും ആരംഭവും.—(1) ഈ ആക്റ്റിന് 1984-ലെ കേരള കശുവണ്ടി ഫാക്റ്ററികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ആക്റ്റ് എന്നു പേർ പറയാം.

(2) ഇത് 1984 ഫെബ്രുവരി 28-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ് 2-ാം വകുപ്പിൽ,

(i) (ഡി) എന്ന ഖണ്ഡത്തിനുശേഷം താഴെപറയുന്ന ഖണ്ഡം ഇടയ്ക്കു ചേർക്കേണ്ടതാണ്, അതായത്:—

"(ഡി.ഡി) "ഫെഡറേഷൻ" എന്നാൽ കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ എന്നർത്ഥമാകുന്നു;";

(ii) (ജി) എന്ന ഖണ്ഡത്തിനുശേഷം താഴെപറയുന്ന ഖണ്ഡം ഇടയ്ക്കു ചേർക്കേണ്ടതാണ്, അതായത്:—

"(എച്ച്) "തൊഴിലാളി സഹകരണസംഘം" അഥവാ "സംഘം" എന്നാൽ 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും അടച്ചുപൂട്ടിയതോ അല്ലെങ്കിൽ ഈ ആക്റ്റു പ്രകാരം സർക്കാരിൽ നിക്ഷിപ്തമായതോ ആയ ഒരു കശുവണ്ടി ഫാക്റ്ററി നടത്തുക എന്ന ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ടതുമായ ഒരു സഹകരണസംഘം എന്നർത്ഥമാകുന്നു. (പ്രസ്തുത സഹകരണസംഘത്തിലെ അംഗങ്ങളുടെ തൊണ്ണൂറു ശതമാനം പേരെങ്കിലും, നിശ്ചിതദിവസത്തിനു തൊട്ടു

മുൻപ്, ആ കശുവണ്ടി ഫാക്ടറിയിൽ ജോലിനോക്കിയിരുന്ന 1947-ലെ വ്യവസായത്തർക്ക ആക്ടിന്റെ (1947-ലെ 14-ാം കേന്ദ്ര ആക്ട്) അർത്ഥവ്യാപ്തിക്കുള്ളിൽപ്പെടുന്ന തൊഴിലാളികൾ ആയിരിക്കേണ്ടതാണ്.

3. 8-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ട് 8-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പു ചേർക്കേണ്ടതാണ്, അതായത്:—

"(1) 3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് രേഖാമൂലമുള്ള ഉത്തരവുവഴി:—

(എ) ഈ ആക്ടുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ഒരു കശുവണ്ടിഫാക്ടറി സർക്കാരിൽ നിക്ഷിപ്തമായി തുടരുന്നതിനുപകരം, ഉത്തരവിൽ പ്രത്യേകം പറയാവുന്ന തിയതി (നിശ്ചിതദിവസത്തിനുമുമ്പുള്ളതല്ലാത്ത ഒരു തിയതി) മുതൽ പ്രാബല്യത്തോടുകൂടി കോർപ്പറേഷനിൽ നിക്ഷിപ്തമാകുന്നതാണെന്നു നിർദ്ദേശിക്കുകയോ; അഥവാ

(ബി) ഈ ആക്ടുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ഒരു കശുവണ്ടിഫാക്ടറി, ഉത്തരവിൽ പ്രത്യേകം പറയാവുന്ന കാലയളവിലേക്കും അപ്രകാരമുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും നടത്താനായി ഫെഡറേഷനേയോ അഥവാ ഒരു തൊഴിലാളിസഹകരണസംഘത്തേയോ, അഥവാ ഇതിലേക്ക്, സർക്കാർ അംഗീകരിച്ചിട്ടുള്ള മറേറതെങ്കിലും സ്ഥാപനത്തേയോ ഭരമേൽപ്പിക്കുകയോ ചെയ്യാവുന്നതാണ്."

4. 10 എ എന്ന പുതിയവകുപ്പ് ഇടയ്ക്കുചേർക്കൽ.—പ്രധാന ആക്ട് 10-ാം വകുപ്പിനുശേഷം, താഴെപറയുന്ന വകുപ്പ് ഇടയ്ക്കു ചേർക്കേണ്ടതാണ്, അതായത്:—

"10എ. കശുവണ്ടി ഫാക്ടറി നടത്തുന്നതിനായി ഫെഡറേഷനേയോ അഥവാ ഒരു തൊഴിലാളി സഹകരണസംഘത്തേയോ അഥവാ ഒരു സ്ഥാപനത്തേയോ ഭരമേൽപ്പിക്കപ്പെടുമ്പോൾ ജീവനക്കാർ തുടരുന്നത്.—(1) ഈ ആക്ടുപ്രകാരം, സർക്കാരിൽ നിക്ഷിപ്തമായ ഒരു കശുവണ്ടിഫാക്ടറി നടത്തുന്നതിനായി, 8-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഫെഡറേഷനേയോ അഥവാ സർക്കാർ ഇതിലേക്ക് അംഗീകരിച്ചിട്ടുള്ള മറേറതെങ്കിലും സ്ഥാപനത്തേയോ ഭരമേൽപ്പിച്ചിട്ടുള്ളപക്ഷം, 1947-ലെ വ്യവസായത്തർക്ക ആക്ടിന്റെ (1947-ലെ 14-ാം കേന്ദ്രആക്ട്) അർത്ഥത്തിൽ ഒരു തൊഴിലാളിയായിരുന്നവനും നിശ്ചിതദിവസത്തിനു തൊട്ടുമുൻപ് കശുവണ്ടി ഫാക്ടറിയിൽ ജോലിനോക്കിയിരുന്നവനുമായ ഏതൊരാളും, കശുവണ്ടി ഫാക്ടറി അപ്രകാരം നടത്തുന്നതിനായി ഭരമേൽപ്പിക്കപ്പെട്ട തീയതിയിലും അന്നുമുതൽക്കും, അതതു സംഗതിപോലെ, ഫെഡറേഷനിലേയോ, സ്ഥാപനത്തിലേയോ, ഒരു ജീവനക്കാരനായിത്തീരുന്നതും, അപ്രകാരമുള്ള കശുവണ്ടി ഫാക്ടറി സർക്കാരിന് കൈമാററം ചെയ്യപ്പെടുകയും, സർക്കാരിൽ നിക്ഷിപ്തമാകുകയും ചെയ്തില്ലായിരുന്നുവെങ്കിൽ അയാൾ വിധേയനാകേണ്ടിയിരിക്കുമായിരുന്ന പ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായും, പെൻഷനും ഗ്രാറ്റുവിററിയും മററുകാര്യങ്ങളും സംബന്ധിച്ച് അയാൾക്ക് അനുവദിക്കപ്പെടുമായിരുന്ന അതേ അവകാശങ്ങളോടുകൂടിയും, അയാൾ കശുവണ്ടി ഫാക്ടറിയിൽ ഉദ്യോഗം വഹിക്കുകയോ സേവനം അനുഷ്ഠിക്കുകയോ ചെയ്യേണ്ടതും,

അതതു സംഗതിപോലെ, ഫെഡറേഷനോ സ്ഥാപനമോ അയാളുടെ അങ്ങനെയുള്ള കശുവണ്ടി ഫാക്റ്ററിയിലെ ജോലി യഥാവിധി അവസാനിപ്പിക്കാത്ത പക്ഷവും അവസാനിപ്പിക്കുന്നതുവരെയും അഥവാ അയാളുടെ വേതനവും, ജോലിസംബന്ധമായ നിബന്ധനകളും ഉപാധികളും യഥാവിധി വ്യത്യാസപ്പെടുത്തുന്നതുവരെയും, അപ്രകാരം തുടരേണ്ടതുമാകുന്നു.

(2) 10-ാം വകുപ്പിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ഒരു കശുവണ്ടി ഫാക്റ്ററി നടത്തുന്നതിനായി 8-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു തൊഴിലാളി സഹകരണസംഘത്തെ ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ള സംഗതിയിൽ, 1947-ലെ വ്യവസായത്തർക്ക ആക്റ്റിന്റെ (1947-ലെ 14-ാം കേന്ദ്ര ആക്റ്റ്) അർത്ഥത്തിൽ തൊഴിലാളികളായിട്ടുള്ളവരും, നിശ്ചിതദിവസത്തിനു തൊട്ടുമുൻപ്, കശുവണ്ടി ഫാക്റ്ററിയിൽ ജോലിചെയ്തിരുന്നവരും, ഏതുതൊഴിലാളിസഹകരണസംഘത്തെയാണോ നടത്തിപ്പ് അപ്രകാരം ഭരമേൽപ്പിച്ചിട്ടുള്ളത്, അങ്ങനെയുള്ള തൊഴിലാളിസഹകരണസംഘത്തിൽ അംഗങ്ങളായിട്ടുള്ളവരും ആയ ആളുകൾ മാത്രമേ കശുവണ്ടി ഫാക്റ്ററിയിൽ ജോലിനോക്കാൻ അർഹരായിരിക്കുകയുള്ളൂ.

(3) ഈ ആക്റ്റുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതും നടത്തുന്നതിനായി ഒരു തൊഴിലാളി സഹകരണസംഘത്തെ ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ളതുമായ ഒരു കശുവണ്ടിഫാക്റ്ററിയിൽ (2)-ാം ഉപവകുപ്പുപ്രകാരം ജോലി നോക്കാൻ അർഹതയുള്ള ഏതൊരാളും, ആ കശുവണ്ടി ഫാക്റ്ററി നടത്തുന്നതിനായി അപ്രകാരം സംഘത്തെ ഭരമേൽപ്പിക്കപ്പെട്ട തീയതിയോ അഥവാ അയാൾ അപ്രകാരമുള്ള സംഘത്തിലെ ഒരു അംഗമായിത്തീർന്ന തീയതിയോ ഏതാണ് ഒടുവിൽവരുന്നത്, ആ തീയതിയിലും അന്നുമുതൽക്കും സംഘത്തിലെ ഒരു ജീവനക്കാരനായിത്തീരുന്നതും, സംഘം നിശ്ചയിക്കാവുന്നപ്രകാരമുള്ള വേതനത്തിലും അപ്രകാരമുള്ള ജോലി സംബന്ധിച്ച നിബന്ധനകളിൻമേലും ഉപാധികളിൻമേലും കശുവണ്ടിഫാക്റ്ററിയിൽ ഉദ്യോഗം വഹിക്കുകയോ, സേവനം അനുഷ്ഠിക്കുകയോ ചെയ്യേണ്ടതുമാകുന്നു.

(4) ഈ ആക്റ്റുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ഒരു കശുവണ്ടി ഫാക്റ്ററിയുടെ നടത്തിപ്പ് 8-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ള ഫെഡറേഷനോ ഒരു തൊഴിലാളി സഹകരണസംഘത്തിനോ, ഏതെങ്കിലും സ്ഥാപനത്തിനോ, 1947-ലെ വ്യവസായതർക്ക ആക്റ്റിന്റെ (1947-ലെ 14-ാം കേന്ദ്ര ആക്റ്റ്) അർത്ഥത്തിൽ ഒരു തൊഴിലാളിയല്ലാത്തവനും, നിശ്ചിതദിവസത്തിനുതൊട്ടുമുൻപ്, അങ്ങനെയുള്ള കശുവണ്ടി ഫാക്റ്ററിയിൽ ജോലിനോക്കിയിരുന്നവനുമായ ഏതെങ്കിലും ആളെ പരസ്പരം സ്വീകാര്യമായ നിബന്ധനകളിൻമേലും ഉപാധികളിൻമേലും ജോലിയിൽ നിയമിക്കാവുന്നതും അങ്ങനെ നിയമിക്കപ്പെടുമ്പോൾ പ്രസ്തുത ആൾ, അതതു സംഗതിപോലെ, ഫെഡറേഷനിലെയോ സംഘത്തിലെയോ സ്ഥാപനത്തിലെയോ ഒരു ജീവനക്കാരനായിത്തീരുന്നതുമാകുന്നു.

(5) ഈ ആക്റ്റുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ഒരു കശുവണ്ടിഫാക്റ്ററിയുടെ നടത്തിപ്പ്, 8-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഫെഡറേഷനെയോ അഥവാ ഒരു തൊഴിലാളി സഹകരണസംഘത്തെയോ അഥവാ മറ്റ് ഏതെങ്കിലും സ്ഥാപനത്തെയോ ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ള സംഗതിയിൽ, സേവനം അവസാനിപ്പിക്കപ്പെട്ടവനോ അഥവാ ഈ വകുപ്പിലെ വ്യവസ്ഥകൾ

കാരണമായി ഫെഡറേഷനിലെയോ സംഘത്തിലെയോ അല്ലെങ്കിൽ സ്ഥാപനത്തിലെയോ ഒരു ജീവനക്കാരനായിത്തീർന്നവനോ ആയ ഏതെങ്കിലും ആൾക്ക്, ഗ്രാറ്റുവിറ്റിയായോ റിട്ടയർമെന്റ് ആനുകൂല്യങ്ങളായോ അഥവാ എടുക്കാത്ത ഏതെങ്കിലും അവധി സംബന്ധിച്ചോ ഉള്ള ഏതെങ്കിലും തുകകളോ അഥവാ മറ്റെതെങ്കിലും ആനുകൂല്യങ്ങളോ നിശ്ചിതദിവസത്തിനു മുൻപ് ലഭിക്കാൻ അവകാശമുള്ളപക്ഷം അങ്ങനെയുള്ള ആൾ അയാളുടെ അവകാശവാദം നിശ്ചിതദിവസത്തിനുതൊട്ടുമുൻപ് കശുവണ്ടി ഫാക്റ്ററിയുടെ കൈവശക്കാരനെതിരായിമാത്രം നടപ്പാക്കാവുന്നതും എന്നാൽ സർക്കാരിനോ ഫെഡറേഷനോ സംഘത്തിനോ സ്ഥാപനത്തിനോ എതിരായി നടപ്പാക്കാൻ പാടില്ലാത്തതുമാകുന്നു.

(6) 1947-ലെ വ്യവസായത്തർക്ക ആക്റ്റിലോ (1947-ലെ 14-ാം കേന്ദ്ര ആക്റ്റ്) അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ വകുപ്പിലെ വ്യവസ്ഥകൾപ്രകാരം ആരുടെ സേവനമാണോ അവസാനിപ്പിക്കപ്പെടുകയോ അല്ലെങ്കിൽ ജോലിസംബന്ധിച്ച നിബന്ധനകളും ഉപാധികളും വ്യത്യാസപ്പെടുത്തപ്പെടുകയോ ചെയ്യപ്പെടുന്നത് അങ്ങനെയുള്ള ഏതൊരാൾക്കും ഈ ആക്റ്റുപ്രകാരമോ തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമപ്രകാരമോ ഉള്ള യാതൊരു നഷ്ടപരിഹാരത്തിനും അവകാശമുണ്ടായിരിക്കുന്നതല്ലാത്തതും, അപ്രകാരമുള്ള യാതൊരു അവകാശവാദവും യാതൊരുകോടതിയോ, ട്രൈബ്യൂണലോ മറ്റ് അധികാരസ്ഥാനമോ വിചാരണയ്ക്കെടുക്കാൻ പാടില്ലാത്തതുമാകുന്നു.''

5. <u>11-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റ് 11-ാം വകുപ്പിൽ,

(എ) (1)-ാം ഉപവകുപ്പിൽ, ''അതുപ്രകാരമോ സർക്കാരിലേക്കോ കോർപ്പറേഷനിലേക്കോ എന്നുതുടങ്ങി ''നിക്ഷിപ്തമാക്കപ്പെട്ടതായും തീരുന്നതാണ്'' എന്ന് അവസാനിക്കുന്ന ഭാഗത്തിനുപകരം താഴെപ്പറയുന്നത് ചേർക്കേണ്ടതാണ്, അതായത്:—

''അതുപ്രകാരമോ സർക്കാരിലേക്കോ കോർപ്പറേഷനിലേക്കോ ഫെഡറേഷനിലേക്കോ, ഒരു തൊഴിലാളി സഹകരണസംഘത്തിലേക്കോ അഥവാ സ്ഥാപനത്തിലേക്കോ സേവനങ്ങൾ കൈമാറ്റം ചെയ്യപ്പെട്ട ജീവനക്കാരെ സംബന്ധിച്ച പണം നിശ്ചിത തീയതിയിൽ അങ്ങനെയുള്ള പ്രോവിഡന്റ് ഫണ്ടിന്റെ പണത്തിൽനിന്നും അതതു സംഗതിപോലെ സർക്കാരിലേക്കോ, കോർപ്പറേഷനിലേക്കോ ഫെഡറേഷനിലേക്കോ; തൊഴിലാളി സഹകരണസംഘത്തിലേക്കോ അഥവാ സ്ഥാപനത്തിലേക്കോ കൈമാറ്റം ചെയ്യപ്പെട്ടതായും നിക്ഷിപ്തമാക്കപ്പെട്ടതായും തീരുന്നതാണ്.'';

(ബി) (2)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്;—

''(2) (1)-ാം ഉപവകുപ്പുപ്രകാരം സർക്കാരിലേക്കോ, കോർപ്പറേഷനിലേക്കോ, ഫെഡറേഷനിലേക്കോ ഒരു തൊഴിലാളി സഹകരണസംഘത്തിലേക്കോ, ഒരു സ്ഥാപനത്തിലേക്കോ കൈമാറ്റം ചെയ്യപ്പെട്ട പണം, അതതുസംഗതിപോലെ, സർക്കാരോ, കോർപ്പറേഷനോ, ഫെഡറേഷനോ, തൊഴിലാളി സഹകരണസംഘമോ, സ്ഥാപനമോ, നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ കൈകാര്യം ചെയ്യേണ്ടതാണ്.''

6. 12–ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ് 12–ാം വകുപ്പിൽ, ''കോർപ്പറേഷനിലേക്കോ'' എന്ന വാക്കിനുശേഷം ''ഫെഡറേഷനിലേക്കോ ഒരു തൊഴിലാളി സഹകരണസംഘത്തിലേക്കോ ഒരു സ്ഥാപനത്തിലേക്കോ'' എന്ന വാക്കുകൾ ഇടയ്ക്കു ചേർക്കേണ്ടതാണ്.

7. 15–ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ് 15–ാം വകുപ്പിൽ,

(എ) (1)–ാം ഉപവകുപ്പിൽ, ''സർക്കാരിനെതിരായോ, കോർപ്പറേഷനെതിരായോ അഥവാ സർക്കാരിന്റേയോ കോർപ്പറേഷന്റേയോ'' എന്നീ വാക്കുകൾക്ക് പകരം ''സർക്കാരിനെതിരായോ കോർപ്പറേഷനെതിരായോ, ഫെഡറേഷനെതിരായോ, ഒരു തൊഴിലാളി സഹകരണ സംഘത്തിനെതിരായോ ഒരു സ്ഥാപനത്തിനെതിരായോ അഥവാ സർക്കാരിന്റേയോ കോർപ്പറേഷന്റേയോ ഫെഡറേഷന്റേയോ ഒരു തൊഴിലാളി സഹകരണ സംഘത്തിന്റേയോ ഒരു സ്ഥാപനത്തിന്റേയോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) (2)–ാം ഉപവകുപ്പിൽ ''സർക്കാരിനെതിരായോ കോർപ്പറേഷനെതിരായോ അഥവാ സർക്കാരിന്റേയോ കോർപ്പറേഷന്റേയോ'' എന്ന വാക്കുകൾക്ക് പകരം, ''സർക്കാരിനെതിരായോ, കോർപ്പറേഷനെതിരായോ, ഫെഡറേഷനെതിരായോ ഒരു തൊഴിലാളി സഹകരണസംഘത്തിനെതിരായോ ഒരു സ്ഥാപനത്തിനെതിരായോ അഥവാ സർക്കാരിന്റേയോ കോർപ്പറേഷന്റേയോ ഫെഡറേഷന്റേയോ ഒരു തൊഴിലാളി സഹകരണസംഘത്തിന്റേയോ ഒരു സ്ഥാപനത്തിന്റേയോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്..

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 1984–ലെ കേരള കശുവണ്ടി ഫാക്റ്ററികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ഓർഡിനൻസ് (1984–ലെ 19) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് മൂലം ഭേദഗതിചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റുപ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ, എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റുമൂലം ഭേദഗതിചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റുപ്രകാരം ചെയ്തതായോ എടുത്തതായോ കരുതേണ്ടതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

1983 കാലത്ത് സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള അറുപത്തിയഞ്ചു കശുവണ്ടി ഫാക്ടറികൾ വളരെയധികം തൊഴിലാളികൾക്ക് ബുദ്ധിമുട്ടുകൾക്ക് കാരണമാക്കിക്കൊണ്ട് പൂട്ടിക്കിടക്കുകയായിരുന്നു. അവയിൽ ചിലവ 1982 കാലത്തും പൂട്ടിക്കിടക്കുകയായിരുന്നു. തൊഴിലാളികൾക്ക് വളരെയധികം ബുദ്ധിമുട്ടുകളും, ഫാക്റ്ററി കെട്ടിടങ്ങൾ, ഉപകരണങ്ങൾ മുതലായ വിഭവങ്ങൾ ഉപയോഗിക്കപ്പെടാതെയും മുൻപറഞ്ഞ അടച്ചിട്ട ഫാക്ടറികളിൽ ചിലവ 1984–ലും തുറക്കുകയില്ലെന്ന് കാണുകയുണ്ടായി. ഈ സ്ഥിതിവിശേഷം കൈകാര്യം ചെയ്യുന്നതിനുവേണ്ടി 1974–ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്റ്റ്, ആ ആക്റ്റുപ്രകാരം വിലയ്ക്കെടുക്കുന്ന കശുവണ്ടി ഫാക്റ്ററികളുടെ നടത്തിപ്പുംകൂടി തൊഴിലാളി സഹകരണസംഘങ്ങൾക്കോ അഥവാ കേരള സംസ്ഥാന സഹകരണമാർക്കറ്റിംഗ്

ഫെഡറേഷനോ അഥവാ സർക്കാർ ഇതിന്റെ ആവശ്യത്തിലേക്ക് അംഗീകരിക്കാവുന്ന മററ് ഏതെങ്കിലും സ്ഥാപനത്തിനോ ഏല്പിച്ചുകൊടുക്കുന്നതിന് സർക്കാരിനെ പ്രാപ്തമാക്കുന്നതിനായി ഭേദഗതി ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് കരുതപ്പെട്ടു.

2. കശുവണ്ടി സീസൺ ആരംഭിച്ചു കഴിഞ്ഞിരുന്നതിനാലും ഉടനടി ഫാക്ടറികൾ തുറക്കേണ്ടിയിരുന്നതിനാലും നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 1984-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ഓർഡിനൻസ് (1984-ലെ 19) ഗവർണ്ണർ 1984 ഫെബ്രുവരി 28-ാം തീയതി വിളംബരപ്പെടുത്തി.

3. നിയമസഭയുടെ ഒരു ആക്ടുമൂലം 1984-ലെ 19-ാം നമ്പർ ഓർഡിനൻസിന് പകരംവയ്ക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യമെമ്മോറാണ്ഡം

1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ടിൽ 10 എ എന്ന ഒരു പുതിയ വകുപ്പ് ഇടയ്ക്കു ചേർക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള, ബില്ലിന്റെ 4-ാം ഖണ്ഡപ്രകാരം സർക്കാരിന്, രേഖാമൂലമായ ഉത്തരവുമൂലം, സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ഒരു കശുവണ്ടി ഫാക്ടറി അങ്ങനെ നിക്ഷിപ്തമായിത്തുടരുന്നതിനുപകരം ഉത്തരവിൽ പ്രത്യേകം പറയാവുന്ന തീയതി (നിശ്ചിതദിവസത്തിനു മുൻപുള്ള ഒരു തീയതി അല്ലാത്ത) മുതൽ പ്രാബല്യത്തോടുംകൂടി കോർപ്പറേഷനിൽ നിക്ഷിപ്തമാകുന്നതാണെന്ന് നിർദ്ദേശിക്കുകയോ അല്ലെങ്കിൽ ഈ ആക്ടുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ഒരു കശുവണ്ടി ഫാക്ടറി നടത്തുന്നതിനായി ഉത്തരവിൽ പ്രത്യേകം പറയാവുന്ന കാലയളവിലേക്കും അപ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായും, ഫെഡറേഷനേയോ അഥവാ ഒരു തൊഴിലാളിസഹകരണസംഘത്തേയോ അഥവാ ഇതിലേക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ള മറേറതെങ്കിലും സ്ഥാപനത്തെയോ ഭരമേല്പിക്കുകയോ ചെയ്യാവുന്നതാകുന്നു. മേല്പറഞ്ഞ വ്യവസ്ഥപ്രകാരം, സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ഒരു കശുവണ്ടിഫാക്ടറി കോർപ്പറേഷനിലോ ഫെഡറേഷനിലോ നിക്ഷിപ്തമാക്കുന്നതിനുപകരം നടത്തിപ്പിനായി ഒരു തൊഴിലാളി സഹകരണസംഘത്തെ ഭരമേല്പിക്കുന്നപക്ഷം, അപ്രകാരം രൂപവൽക്കരിക്കപ്പെട്ട സഹകരണസംഘത്തിന്, അതിന്റെ ആദ്യകാല പ്രവർത്തനത്തിനുവേണ്ടി ഓഹരി മൂലധന അംശദാനമായും തൊഴിലാളികൾക്കുവേണ്ടിയുള്ള ഓഹരിമൂലധനവായ്പയായും ഫാക്ടറിയുടെ കേടുപാടുതീർക്കലിനോ/പരിരക്ഷണത്തിനോ ആവശ്യമായ സാമ്പത്തികസഹായമായും സർക്കാർ അംശദാനം ചെയ്യേണ്ടതായി വരുന്നതാണ്. മാത്രമല്ല, അങ്ങനെയുള്ള പത്തോ അതിലധികമോ തൊഴിലാളിസഹകരണസംഘങ്ങൾക്കായി ഒരു അപ്പെക്സ്സംഘം/ഫെഡറേഷൻ രൂപവൽക്കരിക്കേണ്ടിയിരിക്കുന്നതും അതിന്റെ ചെലവ് പ്രൈമറി സംഘങ്ങൾ വഹിക്കേണ്ടിയിരിക്കുന്നതും ആകുന്നു. തൊഴിലാളിസഹകരണസംഘങ്ങളുടെ രൂപവൽക്കരണത്തിനുവേണ്ടി ഒരു സ്പെഷ്യൽ ആഫീസറേയും സഹായക സ്റ്റാഫിനേയും നല്കേണ്ടതും സംഘത്തിന്റെ സെക്രട്ടറിയായി ഉദ്യോഗംവഹിക്കുന്നതിനുവേണ്ടി മൂന്നുവർഷക്കാലത്തേക്ക് ഓരോ സഹകരണസംഘത്തിനും ഓരോ ഉദ്യോഗസ്ഥന്റെ സൗജന്യമായ സഹായം നൽകേണ്ടിയിരിക്കുന്നതും ആകുന്നു. രൂപവൽക്കരിക്കപ്പെടേണ്ട സംഘങ്ങളുടെ എണ്ണം, എത്ര കശുവണ്ടി ഫാക്ടറികളെയാണ് നടത്തിപ്പിനായി തൊഴിലാളിസഹകരണസംഘങ്ങളെ ഭരമേല്പിക്കാൻ തീരുമാനിക്കപ്പെടുന്നതെന്നതിനെ ആശ്രയിച്ചിരിക്കുന്നതിനാൽ, മേല്പറഞ്ഞകാര്യങ്ങൾക്കായി സഞ്ചിതനിധിയിൽനിന്നും വേണ്ടിവരുന്ന യഥാർത്ഥ ചെലവ് ഇപ്പോൾ കണക്കാക്കാൻ സാധിക്കുന്നതല്ല.

ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ഡം

സർക്കാരിന് രേഖാമൂലമായ ഒരുത്തരവുമൂലം, ഉത്തരവിൽ നിർദ്ദേശിക്കാവുന്ന തീയതി (നിശ്ചിത ദിവസത്തിനു മുമ്പല്ലാത്ത ഒരു തീയതി) മുതൽ ആക്റ്റുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ഒരു കശുഅണ്ടിഫാക്ടറി സർക്കാരിൽ നിക്ഷിപ്തമായി തുടരുന്നതിനുപകരം കോർപ്പറേഷനിൽ നിക്ഷിപ്തമാകേണ്ടതാണെന്ന് നിർദ്ദേശിക്കുന്നതിനോ അഥവാ രേഖാമൂലമായ ഒരുത്തരവുമൂലം ഉത്തരവിൽ നിർദ്ദേശിക്കാവുന്ന സമയത്തേക്ക് നിർദ്ദേശിക്കാവുന്ന വ്യവസ്ഥകളിൻമേലും നിബന്ധനകളിൻമേലും ആക്റ്റുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ഒരു കശുഅണ്ടി ഫാക്ടറി, ഫെഡറേഷനോ, തൊഴിലാളി സഹകരണസംഘത്തിനോ, അല്ലെങ്കിൽ ഇതിനുവേണ്ടി സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും സ്ഥാപനത്തിനോ നടത്തിപ്പിനായി ഭരമേൽപിക്കുന്നതിനോ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 3-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

2. ആക്റ്റ് 11-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സർക്കാരിലേക്കോ കോർപ്പറേഷനിലേക്കോ ഫെഡറേഷനിലേക്കോ, തൊഴിലാളി സഹകരണസംഘത്തിലേക്കോ സ്ഥാപനത്തിലേക്കോ മാററപ്പെട്ടതായിട്ടുള്ള പണം, അതതു സംഗതിപോലെ, സർക്കാരോ കോർപ്പറേഷനോ, ഫെഡറേഷനോ, തൊഴിലാളി സഹകരണസംഘമോ, സ്ഥാപനമോ ഏതുവിധത്തിലാണ് കൈകാര്യം ചെയ്യേണ്ടതെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന്, ബില്ലിന്റെ 5-ാം ഖണ്ഡം (ബി) എന്ന ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

3. മുകളിൽ പ്രസ്താവിക്കപ്പെട്ട കാര്യങ്ങൾ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതാണ്. ഏല്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം അങ്ങനെ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഇ. അഹമ്മദ്

(ശരിത്തർജ്ജമ)

എ. പി. പെരുമാൾ,

നിയമവകുപ്പു അഡീഷണൽ സെക്രട്ടറി.

Kerala Gazette No. 42 dated 23rd October 1984
PART II

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ. 1972/എൽ. എ. 4എ/84. തിരുവനന്തപുരം, 1984 മാർച്ച് 24.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം 1984-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും) ഭേദഗതി ബിൽ ഉദ്ദേശ കാരണങ്ങളുടെ വിവരണത്തോടും, ധനകാര്യ മെമ്മോറാണ്ടത്തോടും, ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടത്തോടുംകൂടി പ്രസിദ്ധപ്പെടുത്തുന്നു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

ഡോക്ടർ ആർ. പ്രസന്നൻ,
നിയമസഭാ സെക്രട്ടറി.

ഏഴാം കേരള നിയമസഭ
ബിൽ നമ്പർ 115

1984-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതിബിൽ

1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റ്, വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ

പീഠിക:—1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റിന്റെ 8-ാം വകുപ്പുപ്രകാരം ട്രൈബ്യൂണലുകൾ മുമ്പാകെ ഫയൽ ചെയ്യപ്പെട്ട വളരെയധികം അപേക്ഷകൾ, ഒന്നുകിൽ, കസ്റ്റോഡിയന്റെയോ, സർക്കാരിന്റെയോ രേഖാമൂലമായ അധികാരപ്പെടുത്തൽ കൂടാതെ ട്രൈബ്യൂണലുകൾ മുമ്പാകെ വച്ച് നൽകപ്പെടുന്ന സൗജന്യങ്ങളുടെഅടിസ്ഥാനത്തിലോ അല്ലെങ്കിൽ അങ്ങനെയുള്ള ട്രൈബ്യൂണലുകൾ മുമ്പാകെ പ്രസക്തമായ അടിസ്ഥാന വിവരങ്ങളും മററു വിവരങ്ങളും ഹാജരാക്കുന്നതിലുണ്ടായ വീഴ്ച കാരണമായോ അപേക്ഷകർക്ക് അനുകൂലമായി തീരുമാനിക്കപ്പെട്ടിരിക്കയാലും;

വളരെയധികം കേസുകളിൽ ആ തീരുമാനങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾക്ക് അപേക്ഷിക്കുകയും അവ ലഭ്യമാക്കുകയും ചെയ്യുന്നതിലുള്ള കാലതാമസം കാരണമായോ അല്ലെങ്കിൽ തീരുമാനങ്ങൾ ട്രൈബ്യൂണലുകൾ മുമ്പാകെ വച്ച് നൽകപ്പെട്ട സൗജന്യങ്ങളുടെ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ളതാണെന്ന കാരണത്താലോ അല്ലെങ്കിൽ മററു കാരണങ്ങളാലോ ട്രൈബ്യൂണലുകളുടെ അങ്ങനെയുള്ള തീരുമാനങ്ങൾക്കെതിരായി ഹൈക്കോടതി മുമ്പാകെ അപ്പീലുകൾ ബോധിപ്പിച്ചിട്ടില്ലാതിരിക്കയാലും;

സർക്കാർ, പ്രസ്തുത ആക്റ്റിന്റെ 8 എ വകുപ്പു പ്രകാരം ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത വളരെയധികം അപ്പീലുകൾ ഒന്നുകിൽ സർക്കാരിന്റെ രേഖാമൂലമായ അധികാരപ്പെടുത്തൽ കൂടാതെ കോടതി മുമ്പാകെ വച്ച് നൽകപ്പെടുന്ന സൗജന്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ പ്രസക്തമായ അടിസ്ഥാനവിവരങ്ങളും മററു വിവരങ്ങളും പ്രസ്തുത കോടതി മുമ്പാകെ ഹാജരാക്കുന്നതിലുള്ള വീഴ്ച കാരണമായോ ഹൈക്കോടതി തള്ളിക്കളഞ്ഞിരിക്കുകയാലും;

പ്രസ്തുത ആക്റ്റ് 8 എ വകുപ്പുപ്രകാരം ഹൈക്കോടതിയുടെ ഉത്തരവുകൾക്കെതിരായി അപ്പീൽ സമർപ്പിക്കുന്നതിനുള്ള പ്രത്യേകാനുമതിക്കുവേണ്ടിയുള്ള സർക്കാരിന്റെ ഹർജികൾ സുപ്രീംകോടതി തള്ളിക്കളഞ്ഞിരിക്കുകയാലും;

റിട്ട് ഹർജികളിന്മേലോ മററു നടപടികളിന്മേലോ ഉള്ള ഹൈക്കോടതിയുടെ വളരെയധികം വിധിന്യായങ്ങളും ഉത്തരവുകളും, സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള സ്വകാര്യവനങ്ങളെ സംബന്ധിച്ചുള്ളവയാകയാലും, അപ്രകാരമുള്ള വിധിന്യായങ്ങളും ഉത്തരവുകളും വസ്തുതകൾ മറച്ചുവയ്ക്കുകയോ തെററായി ധരിപ്പിക്കുകയോ ചെയ്തതു കാരണമായോ അഥവാ പ്രസ്തുത കോടതി മുമ്പാകെ പ്രസക്തമായ അടിസ്ഥാന വിവരങ്ങളും മററു വിവരങ്ങളും ഹാജരാക്കുന്നതിലുണ്ടായ വീഴ്ച കാരണമായോ പാസ്സാക്കപ്പെട്ടിരിക്കുകയാലും ;

പ്രസ്തുത ആക്റ്റ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വളരെയേറെ സ്വകാര്യവനങ്ങളുടേയോ അഥവാ സ്വകാര്യവനങ്ങളിൽ ഉൾക്കൊണ്ടിട്ടുള്ള ഭൂമികളുടേയോ കൈവശം ആ ആക്റ്റിന്റെ പ്രാരംഭത്തിനു തൊട്ടുമുമ്പ് അവയുടെ ഉടമസ്ഥരായിരുന്ന ആളുകൾക്ക് തിരിയെ കൊടുക്കാൻ കസ്റ്റോഡിയൻ ബാദ്ധ്യസ്ഥനായിരിക്കുന്നതിനാലും, തൽഫലമായി സർക്കാരിന് വൻപിച്ച നഷ്ടവും പൊതുതാല്പര്യത്തിന് ഹാനിയും ഉണ്ടാകുമെന്നതിനാലും ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും:—(1) ഈ ആക്റ്റിന് 1984-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ആക്റ്റ് എന്നു പേർ പറയാം.

(2) ഇത് 1983 നവംബർ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതേണ്ടതാണ്.

2. 8ബി, 8സി, 8ഡി എന്നീ പുതിയ വകുപ്പുകൾ ഇടയ്ക്കു ചേർക്കൽ:—

1971-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റ് (1971-ലെ 26) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 8എ വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പുകൾ ഇടയ്ക്കു ചേർക്കണം, അതായത്:—

"8 ബി. ട്രൈബ്യൂണലിന്റെ തീരുമാനങ്ങൾ പുനഃപരിശോധന (റിവ്യൂ) ചെയ്യുന്നതിനുവേണ്ടി അപേക്ഷ ബോധിപ്പിക്കാൻ കസ്റ്റോഡിയനുള്ള അധികാരം:—

(1) ഈ ആക്റ്റിലോ 1963-ലെ കാലഹരണ ആക്റ്റിലോ (1963-ലെ 36-ാം കേന്ദ്ര ആക്റ്റ്), അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറെറതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടേയോ മററു അധികാരസ്ഥാനത്തിന്റേയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കസ്റ്റോഡിയന്, ട്രൈബ്യൂണലിന്റെ 8-ാം വകുപ്പിൻകീഴിലുള്ള ഏതെങ്കിലും തീരുമാനം, അത് കസ്റ്റോഡിയന്റേയോ സർക്കാരിന്റേയോ രേഖാമൂലമായ അധികാരപ്പെടുത്തൽ കൂടാതെ ട്രൈബ്യൂണൽ മുമ്പാകെ നല്കപ്പെടുന്ന സൗജന്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ പ്രസക്തമായ അടിസ്ഥാന വിവരങ്ങളോ മററു വിവരങ്ങളോ ട്രൈബ്യൂണൽ മുമ്പാകെ ഹാജരാക്കുന്നതിലുണ്ടായ വീഴ്ച കാരണമായോ എടുത്തിട്ടുള്ളതാണെന്ന കാരണത്താൽ പുനഃപരിശോധിക്കേണ്ടത്

ആവശ്യമാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള തീരുമാനത്തിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പിനുവേണ്ടി അപേക്ഷിക്കുകയും അത് ലഭ്യമാക്കുകയും ചെയ്യുന്നതിലുള്ള കാലതാമസം കാരണമായി അങ്ങനെയുള്ള തീരുമാനത്തിനെതിരായി ഒരു അപ്പീൽ ബോധിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നോ അദ്ദേഹത്തിനു ബോദ്ധ്യമാകുന്നപക്ഷം, അങ്ങനെയുള്ള തീരുമാനം പുനഃപരിശോധിക്കുന്നതിനുവേണ്ടി 1984-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ആക്റ്റിന്റെ പ്രാരംഭം മുതലുള്ള ആറുമാസക്കാലയളവിനുള്ളിൽ ട്രൈബ്യൂണൽ മുമ്പാകെ ഒരു അപേക്ഷ ബോധിപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെട്ട ഫാറത്തിലായിരിക്കേണ്ടതും അത് നിർണ്ണയിക്കപ്പെട്ട രീതിയിൽ സത്യബോധപ്പെടുത്തിയിരിക്കേണ്ടതും ആകുന്നു.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ ലഭിക്കുന്നതിൻമേൽ, ഈ ആക്റ്റിലോ 1963-ലെ കാലഹരണ ആക്റ്റിലോ (1963-ലെ 36-ാം കേന്ദ്ര ആക്റ്റ്) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ, അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ മററ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ട്രൈബ്യൂണൽ, അതിന്റെ തീരുമാനം പുനഃപരിശോധിക്കുകയും അതിനു യുക്തമെന്ന് തോന്നാവുന്ന ഉത്തരവുകൾ പാസ്സാക്കുകയും ചെയ്യേണ്ടതാകുന്നു.

8-സി. ചില സംഗതികളിൽ അപ്പീലോ പുനഃപരിശോധനയ്ക്കുള്ള അപേക്ഷയോ ഫയൽ ചെയ്യാൻ സർക്കാരിനുള്ള അധികാരം:—

(1) ഈ ആക്റ്റിലോ 1963-ലെ കാലഹരണ ആക്റ്റിലോ (1963-ലെ 36-ാം കേന്ദ്ര ആക്റ്റ്), അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മററേതെങ്കിലും നിയമത്തിലോ, അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ മററ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ട്രൈബ്യൂണലിന്റെ 8-ാം വകുപ്പിൻ കീഴിലുള്ള, ഏതെങ്കിലും തീരുമാനം കസ്റ്റോഡിയന്റെയോ സർക്കാരിന്റെയോ രേഖാമൂലമായ അധികാരപ്പെടുത്തൽ കൂടാതെ ട്രൈബ്യൂണൽ മുമ്പാകെ നല്കപ്പെടുന്ന സൗജന്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ പ്രസക്തമായ അടിസ്ഥാന വിവരങ്ങളോ മററു വിവരങ്ങളോ ട്രൈബ്യൂണൽ മുമ്പാകെ ഹാജരാക്കുന്നതിലുണ്ടായ വീഴ്ചകാരണമായോ എടുത്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള തീരുമാനത്തിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പിനുവേണ്ടി അപേക്ഷിക്കുകയും അതു ലഭ്യമാക്കുകയും ചെയ്യുന്നതിലുള്ള കാലതാമസം കാരണമായി അങ്ങനെയുള്ള തീരുമാനത്തിനെതിരായി അപ്പീൽ ബോധിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നോ സർക്കാരിനു ബോദ്ധ്യമാകുന്നപക്ഷം, അവർക്ക് 1984-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ആക്റ്റിന്റെ പ്രാരംഭം മുതലുള്ള ആറുമാസക്കാലയളവിനുള്ളിൽ, അങ്ങനെയുള്ള തീരുമാനത്തിനെതിരായി ഹൈക്കോടതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(2) ഈ ആക്റ്റിലോ, 1963-ലെ കാലഹരണ ആക്റ്റിലോ (1963-ലെ 36-ാം കേന്ദ്ര ആക്റ്റ്), തൽസമയം പ്രാബല്യത്തിലുള്ള മററേതെങ്കിലും നിയമത്തിലോ, അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ മററു അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 8 എ വകുപ്പ് പ്രകാരമുള്ള ഒരു അപ്പീലിൻമേലുള്ള ഹൈക്കോടതിയുടെ ഏതെങ്കിലും ഉത്തരവ് (ഏത് ഉത്തരവിന് എതിരായാണോ സുപ്രീംകോടതി മുമ്പാകെയുള്ള ഒരു അപ്പീലിനു ആ കോടതി അനുവാദം നല്കിയിട്ടില്ലാത്തത് അങ്ങനെയുള്ള ഒരു ഉത്തരവ് ഉൾപ്പെടെ) സർക്കാരിന്റെ രേഖാമൂലമായ അധികാരപ്പെടുത്തൽ കൂടാതെ ഹൈക്കോടതിയിൽ നല്കപ്പെടുന്ന സൗജന്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ പ്രസക്തമായ അടിസ്ഥാന വിവരങ്ങളോ മററു വിവരങ്ങളോ ഹൈക്കോടതി മുമ്പാകെ ഹാജരാക്കുന്നതിലുണ്ടായ വീഴ്ച കാരണമായോ പാസ്സാക്കിയിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പിനുവേണ്ടി അപേക്ഷിക്കുകയും അത് ലഭ്യമാക്കുകയും ചെയ്യുന്നതിലുള്ള കാലതാമസം കാരണമായി അങ്ങനെയുള്ള ഉത്തരവിനെതിരായി സുപ്രീംകോടതി മുമ്പാകെ ഒരു അപ്പീൽ ഫയൽ ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നോ സർക്കാരിനു ബോദ്ധ്യമാകുന്നപക്ഷം, അവർക്ക്, 1984-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ആക്റ്റിന്റെ പ്രാരംഭം മുതലുള്ള ആറുമാസക്കാലയളവിനുള്ളിൽ, അങ്ങനെയുള്ള ഉത്തരവ് പുന:പരിശോധന ചെയ്യുന്നതിനുവേണ്ടി ഹൈക്കോടതി മുമ്പാകെ ഒരു അപേക്ഷ ബോധിപ്പിക്കാവുന്നതാണ്.

(3) ഈ ആക്റ്റിലോ, 1963-ലെ കാലഹരണ ആക്റ്റിലോ (1963-ലെ 36-ാം കേന്ദ്ര ആക്റ്റ്) തൽസമയം പ്രാബല്യത്തിലുള്ള മററേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടേയോ മററ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും നടപടിയിൽ ഹൈക്കോടതി പാസ്സാക്കിയിട്ടുള്ള ഏതെങ്കിലും വിധിന്യായമോ ഉത്തരവോ [(2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട ഒരു ഉത്തരവല്ലാത്ത] ഒരു സ്വകാര്യവനമായ ഏതെങ്കിലും ഭൂമി സംബന്ധിച്ചുള്ളതാണെന്നും അങ്ങനെയുള്ള വിധിന്യായമോ ഉത്തരവോ, വസ്തുതകൾ മറച്ചുവെയ്ക്കുകയോ അല്ലെങ്കിൽ തെററായി ധരിപ്പിക്കുകയോ ചെയ്തതുകാരണമായോ അല്ലെങ്കിൽ പ്രസക്തമായ അടിസ്ഥാന വിവരങ്ങളോ മററു വിവരങ്ങളോ ഹാജരാക്കുന്നതിലുണ്ടായ വീഴ്ച കാരണമായോ പാസ്സാക്കപ്പെട്ടിട്ടുള്ളതാണെന്നും അല്ലെങ്കിൽ അങ്ങനെയുള്ള വിധിന്യായത്തിന്റേയോ ഉത്തരവിന്റേയോ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പിനുവേണ്ടി അപേക്ഷിക്കുകയും, അത് ലഭ്യമാക്കുകയും ചെയ്യുന്നതിലുള്ള കാലതാമസം കാരണമായി അങ്ങനെയുള്ള വിധിന്യായത്തിനോ ഉത്തരവിനോ എതിരായി ഒരു അപ്പീൽ ഫയൽ ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നും സർക്കാരിന് ബോദ്ധ്യമാകുന്നപക്ഷം; അവർക്ക് 1984-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ആക്റ്റിന്റെ പ്രാരംഭം മുതലുള്ള ആറുമാസ കാലയളവിനുള്ളിൽ അങ്ങനെയുള്ള വിധിന്യായമോ ഉത്തരവോ പുന:പരിശോധന ചെയ്യുന്നതിനുവേണ്ടി ഹൈക്കോടതി മുമ്പാകെ ഒരു അപേക്ഷ ബോധിപ്പിക്കാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരപ്പീലോ, (2)-ാം ഉപവകുപ്പോ (3)-ാം ഉപവകുപ്പോ പ്രകാരമുള്ള ഒരപേക്ഷയോ, നിർണ്ണയിക്കപ്പെട്ട ഫാറത്തിലായിരിക്കേണ്ടതും അതു നിർണ്ണയിക്കപ്പെട്ട രീതിയിൽ സത്യബോധപ്പെടുത്തിയിരിക്കേണ്ടതും ആകുന്നു.

(5) (1)-ാം ഉപവകുപ്പുപ്രകാരമുള്ള റെഫറലോ, (2)-ാം ഉപവകുപ്പോ (3)-ാം ഉപവകുപ്പോ പ്രകാരമുള്ള അപേക്ഷയോ ലഭിക്കുന്നതിന്മേൽ, ഈ ആക്റ്റിലോ 1963-ലെ കാലഹരണ ആക്റ്റിലോ (1963-ലെ 36-ാം കേന്ദ്ര ആക്റ്റ്) അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടേയോ മറ്റ് അധികാര സ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഹൈക്കോടതിക്ക്, കക്ഷികൾക്ക് നേരിട്ടോ അല്ലെങ്കിൽ പ്രതിനിധി മുഖേനയോ പറയാനുള്ളത് പറയുവാൻ ന്യായമായ അവസരം നല്കിയശേഷം, അതിന്മേൽ അതിന് യുക്തമെന്നു തോന്നുന്ന ഉത്തരവുകൾ പാസ്സാക്കാവുന്നതാണ്.

8 ഡി. പുനഃപരിശോധന ചെയ്യപ്പെടാനോ എതിരായി അപ്പീൽ ബോധിപ്പിക്കപ്പെടാനോ വിധേയമായുള്ള തീരുമാനങ്ങളും ഉത്തരവുകളും സ്റ്റേ ചെയ്യപ്പെടേണ്ടതാണെന്ന്.— തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടേയോ മറ്റു അധികാര സ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) 8 ബി വകുപ്പ് (1)-ാം ഉപവകുപ്പിലോ 8 സി വകുപ്പ് (1)-ാം ഉപവകുപ്പിലോ പരാമർശിക്കപ്പെട്ടിട്ടുള്ള ട്രൈബ്യൂണലിന്റെ ഏതെങ്കിലും തീരുമാനവും;

(ബി) 8 സി വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഹൈക്കോടതിയുടെ ഏതെങ്കിലും ഉത്തരവും ;

(സി) 8 സി വകുപ്പ് (3)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഹൈക്കോടതിയുടെ ഏതെങ്കിലും വിധിന്യായമോ ഉത്തരവോ അതും ;

(ഡി) അങ്ങനെയുള്ള ഏതെങ്കിലും വിധിന്യായത്തിനോ തീരുമാനത്തിനോ ഉത്തരവിനോ അനുസൃതമായിട്ടുള്ള ഏതെങ്കിലും നടപടികളും, 1984-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ആക്റ്റിന്റെ പ്രാരംഭം മുതലുള്ള ആറുമാസക്കാലയളവിലേക്കോ അല്ലെങ്കിൽ പ്രസ്തുത ആറുമാസക്കാലയളവ് അവസാനിക്കുന്നതിനുമുമ്പ്, അതതുസംഗതിപോലെ, 8 ബി വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരമോ അല്ലെങ്കിൽ 8 സി വകുപ്പ് (2)-ാം ഉപവകുപ്പോ (3)-ാം ഉപവകുപ്പോ പ്രകാരമോ അങ്ങനെയുള്ള വിധിന്യായമോ തീരുമാനമോ ഉത്തരവോ പുനഃപരിശോധിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ കൊടുത്തിട്ടുണ്ടായിരിക്കുകയോ അല്ലെങ്കിൽ 8 സി വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം അങ്ങനെയുള്ള തീരുമാനത്തിനെതിരായി ഒരു അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടായിരിക്കുകയോ ചെയ്യുന്നപക്ഷം, അതതു സംഗതിപോലെ അങ്ങനെയുള്ള അപേക്ഷയോ അപ്പീലോ തീർപ്പാക്കപ്പെടുന്നതുവരെയോ സ്റ്റേ ചെയ്യപ്പെടുന്നതാണ്".

3. റദ്ദാക്കലും ഒഴിവാക്കലും :— (1) 1984-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ഓർഡിനൻസ് (1984-ലെ 17) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽക്കൂടി,

(എ) പ്രസ്തുത ഓർഡിനൻസുമൂലം ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റുപ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, അഥവാ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റുമൂലം ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റുപ്രകാരം ചെയ്തതായോ എടുത്തതായോ കരുതേണ്ടതാണ്.

(ബി) പ്രസ്തുത ഓർഡിനൻസ്, 1984 ജനുവരി 6-ാം തീയതി പ്രവർത്തനത്തിലില്ലാതായിത്തീർന്നില്ലായിരുന്നുവെങ്കിൽ പ്രസ്തുത ഓർഡിനൻസുമൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റുപ്രകാരം ചെയ്യുകയോ എടുക്കുകയോ ചെയ്യാമായിരുന്നതും 1984 ജനുവരി 6-ാം തീയതിക്കുശേഷവും 1984 ഫെബ്രുവരി 18-ാം തീയതിക്കുമുൻപും ചെയ്തതുമായ ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റുമൂലം ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റുപ്രകാരം ചെയ്തതായോ എടുത്തതായോ കരുതേണ്ടതാകുന്നു.

ഉദ്ദേശ കാരണങ്ങളുടെ വിവരണം

സ്വകാര്യവനങ്ങളിലെ നിക്ഷിപ്തപ്രദേശങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിൽനിന്നും ഒഴിവാക്കിക്കൊണ്ടുള്ള ഫോറസ്റ്റ് ട്രൈബ്യൂണലുകളുടെ തീരുമാനങ്ങൾക്ക് എതിരായി ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള പല അപ്പീലുകളും അവ പ്രസ്സു ചെയ്യാതിരുന്നതിനാൽ തള്ളിക്കളഞ്ഞതായും അവയിൽ പലതും ചില സൗജന്യങ്ങളുടെ അടിസ്ഥാനത്തിൽ തീർപ്പാക്കിയതായും കാണപ്പെട്ടു. ഫോറസ്റ്റ് ട്രൈബ്യൂണലുകളുടെ തീരുമാനങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കുന്നതിന് ചില കേസുകളിൽ നടപടികൾ എടുക്കാതിരുന്നതിന്റെ ഫലമായി അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള കാലാവധി കാലഹരണപ്പെട്ടുപോയി. അങ്ങനെയുള്ള കേസുകളിൽ തീരുമാനങ്ങൾ അന്തിമമായിത്തീർന്നു. സംസ്ഥാനത്തിന്റെ അവകാശവാദങ്ങൾ, വല്ലതുമുണ്ടെങ്കിൽ, അവ പുനരുജ്ജീവിപ്പിക്കാൻ കഴിയുന്ന യാതൊരു വ്യവസ്ഥയും ഉണ്ടായിരുന്നുമില്ല. 1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്ടിന്റെ 8-ാം വകുപ്പുപ്രകാരം ഫോറസ്റ്റ് ട്രൈബ്യൂണലുകൾ മുൻപാകെ ബോധിപ്പിച്ചിരുന്ന അപേക്ഷകളിൽ പലതും നിക്ഷിപ്തവനങ്ങളുടെ കസ്റ്റോഡിയന്റെയോ അഥവാ സർക്കാരിന്റെയോ രേഖാമൂലമായ അധികാരപ്പെടുത്തൽ കൂടാതെ ട്രൈബ്യൂണലുകൾ മുമ്പാകെ വച്ചു നൽകിയ സൗജന്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ അങ്ങനെയുള്ള ട്രൈബ്യൂണലുകൾ മുമ്പാകെ പ്രസക്തമായ അടിസ്ഥാന വിവരങ്ങളും മറ്റു വിവരങ്ങളും ഹാജരാക്കുന്നതിലുള്ള വീഴ്ചകാരണമായോ അപേക്ഷകർക്ക് അനുകൂലമായി തീരുമാനിച്ചിട്ടുണ്ടെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. കാര്യം പരിശോധിച്ചതിനുശേഷം അന്തിമതീരുമാനം എടുത്തിട്ടുള്ള കേസുകളിൽ, അതതുസംഗതിപോലെ കോടതിയുടെയോ, ട്രൈബ്യൂണലിന്റെയോ മുമ്പാകെ, പ്രസക്തമായ എല്ലാ വസ്തുതകളും ബോധിപ്പിച്ചിട്ടി

ല്ലെന്നോ അഥവാ പ്രസക്തമായ തെളിവ് നല്കിയിട്ടില്ലെന്നോ, അഥവാ സർക്കാരിനുവേണ്ടി പ്രവർത്തിക്കുന്ന ഏതെങ്കിലും ആളുകളുടെ ഭാഗത്തുനിന്നും തെറ്റോ, ഉപേക്ഷയോ, ചതിയോ ഉണ്ടായിട്ടുണ്ടെന്നോ സർക്കാരിനോ നിക്ഷിപ്ത വനങ്ങളുടെ കസ്റ്റോഡിയനോ ബോദ്ധ്യമാകുന്ന സംഗതിയിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്നതിനായി ഹൈക്കോടതി മുമ്പാകെ അപ്പീലുകളോ അപേക്ഷകളോ ബോധിപ്പിക്കാൻ സർക്കാരിനും, ട്രൈബ്യൂണലുകളുടെ മുൻപാകെ അപേക്ഷകൾ ബോധിപ്പിക്കാൻ നിക്ഷിപ്ത വനങ്ങളുടെ കസ്റ്റോഡിയനും സാധിക്കത്തക്കവിധം 1971-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റിൽ വ്യവസ്ഥ ഉണ്ടാക്കുന്നതിനായി പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

3. നിയമസഭ സമ്മേളനത്തിലില്ലാതിരുന്നതിനാലും, സംഗതി അടിയന്തിര സ്വഭാവമുള്ളതായിരുന്നതിനാലും, 1983-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ഓർഡിനൻസ് (1983-ലെ 39-ാം ഓർഡിനൻസ്) 1983 നവംബർ 18-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തി.

4. സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് മൂലം പ്രസ്തുത ഓർഡിനൻസിനു പകരം വയ്ക്കുന്നതിനുള്ള ഒരു ബിൽ പ്രസിദ്ധപ്പെടുത്തിയെങ്കിലും 1983 നവംബർ 25-ാം തീയതി ആരംഭിച്ച്, 1983 ഡിസംബർ 20-ാം തീയതി അവസാനിച്ച നിയമസഭയുടെ സമ്മേളന കാലത്ത് അത് നിയമസഭയിൽ അവതരിപ്പിക്കാനോ, പാസ്സാക്കാനോ സാധിക്കാതെ വന്നു.

5. 1983-ലെ 39-ാം ഓർഡിനൻസിലെ വ്യവസ്ഥകൾ സജീവമായി നിലനിർത്തേണ്ടത് ആവശ്യമായിരിക്കുന്നു. റിട്ട് ഹർജികളിലും മറ്റ് നടപടികളിലും, ഹൈക്കോടതി പാസ്സാക്കിയ വളരെയധികം വിധിന്യായങ്ങളും ഉത്തരവുകളും സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള സ്വകാര്യവനഭൂമികളെ സംബന്ധിച്ചുള്ളതാണെന്നും അങ്ങനെയുള്ള വിധിന്യായങ്ങളും ഉത്തരവുകളും, വസ്തുതകളെ മറച്ചുവയ്ക്കുകയോ തെറ്റായി ധരിപ്പിക്കുകയോ ചെയ്തതു കാരണമായോ അഥവാ പ്രസക്തമായ അടിസ്ഥാന വിവരങ്ങളും മറ്റു വിവരങ്ങളും കോടതി മുൻപാകെ ഹാജരാക്കുന്നതിലുള്ള വീഴ്ചകാരണമായോ പാസ്സാക്കപ്പെട്ടിട്ടുള്ളതാണെന്നും കാണപ്പെട്ടു. അപ്രകാരമുള്ള വിധിന്യായങ്ങളും ഉത്തരവുകളും പുനഃപരിശോധന ചെയ്യുന്നതിനുവേണ്ടി അപേക്ഷകൾ ഫയൽ ചെയ്യാൻ സർക്കാരിനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥയുണ്ടാക്കേണ്ടത് ആവശ്യമായി കരുതുകയുണ്ടായി. അതിനാൽ 1984 ഫെബ്രുവരി മാസം 16-ാം തീയതി ഗവർണ്ണർ, 1984-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ഓർഡിനൻസ് (1984-ലെ 17) വിളംബരപ്പെടുത്തി. സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് മൂലം 1984-ലെ 17-ാം ഓർഡിനൻസിനു പകരം വയ്ക്കുന്നതിന് ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നു.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും, പ്രവർത്തനത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും കൂടുതലായി യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിന്റെ 2-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന '8ബി' എന്ന പുതിയ വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, (1)-ാം ഉപവകുപ്പുപ്രകാരം, പ്രസ്തുത ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള തീരുമാനം പുനഃപരിശോധിക്കുന്നതിനുള്ള അപേക്ഷ, നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ആയിരിക്കേണ്ടതും, നിർണ്ണയിക്കപ്പെട്ട രീതിയിൽ പരിശോധിക്കേണ്ടതും ആണെന്ന് വ്യവസ്ഥ ചെയ്യുന്നു.

ബില്ലിന്റെ 2-ാം ഖണ്ഡം മൂലം ആക്റ്റിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന '8സി' എന്ന പുതിയ വകുപ്പിലെ (4)-ാം ഉപവകുപ്പു ആ വകുപ്പിന്റെ (1)-ാം ഉപവകുപ്പു പ്രകാരം ഹൈക്കോടതിയിൽ ബോധിപ്പിക്കുന്ന ഒരു അപ്പീലും (2)-ാം ഉപവകുപ്പോ (3)-ാം ഉപവകുപ്പോ പ്രകാരം പുനഃപരിശോധിക്കുന്നതിനുവേണ്ടിയുള്ള ഒരു അപേക്ഷയും നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ ആയിരിക്കേണ്ടതും നിർണ്ണയിക്കപ്പെട്ട രീതിയിൽ പുനഃപരിശോധിക്കേണ്ടതും ആണെന്ന് വ്യവസ്ഥ ചെയ്യുന്നു.

ഫാറം നിർണ്ണയിക്കുന്നതിനുള്ള അധികാരവും സത്യബോധപ്പെടുത്തേണ്ട രീതിയും നടപടി സംബന്ധിച്ചുള്ളവയാണ്. അതുകൊണ്ട്, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, സാധാരണ സ്വഭാവത്തോടുകൂടിയതാകുന്നു.

കെ. പി. നൂറുദ്ദീൻ

(ശരിത്തർജ്ജമ)

എ. പി. പെരുമാൾ,
നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.